**പതിമൂന്നാം കേരള നിയമസഭ**
**ഒമ്പതാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത**

**നിയമസഭാ ചോദ്യം നമ്പർ : 4968** | **01.07.2013-ൽ മറുപടിക്ക്.**

# പോലീസ് വാഹനങ്ങളിൽ ജി.പി.എസ്. സംവിധാനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജോസഫ് വാഴക്കൻ<br>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ. ബെന്നി ബെഹനാൻ<br>ശ്രീ. കെ. ശിവദാസൻ നായർ | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്തെ എല്ലാ പോലീസ് വാഹനങ്ങളിലും ഗ്ലോബൽ പൊസിഷനിംഗ് സിസ്റ്റം (ജി.പി.എസ്.) ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കുമോ ;<br><br>(ബി) ഇതിനായി പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ ; വിശദാംശങ്ങൾ എന്തെല്ലാം ; | : (എ) & (ബി)<br>പോലീസ് ആധുനികവൽക്കരണ പദ്ധതിയുടെ ഭാഗമായി തിരുവനന്തപുരം സിറ്റി, കൊച്ചി സിറ്റി, കോഴിക്കോട് സിറ്റി, കണ്ണൂർ എന്നീ ജില്ലകളിലെ ചുരുക്കം ചില പോലീസ് വാഹനങ്ങളിൽ ജി.പി.എസ്.(ഗ്ലോബൽ പൊസിഷനിംഗ് സിസ്റ്റം) സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. കൊല്ലം, തൃശ്ശൂർ സിറ്റി ജില്ലകളിൽ പ്രസ്തുത സംവിധാനം നടപ്പിലാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഗ്ലോബൽ ഇൻഫർമേഷൻ സിസ്റ്റത്തിൽ അധിഷ്ഠിതമായ പോലീസ് പ്രവർത്തനങ്ങൾ (ജി.ഐ.എസ്. എനേബിൾഡ് ലോ എൻഫോഴ്സ്മെന്റ്) എന്ന പദ്ധതിയുടെ ഭാഗമായി ക്രമേണ എല്ലാ പോലീസ് വാഹനങ്ങളിലും ജി.പി.എസ്. സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ട്. |
| (സി) ഇതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാം ; വിശദമാക്കുമോ ;<br><br>(ഡി) ഈ പദ്ധതിക്ക് എന്തെല്ലാം കേന്ദ്ര സഹായമാണ് ലഭിക്കുന്നത് ? | : (സി) & (ഡി)<br>പോലീസ് വാഹനങ്ങളുടെ തൽസമയ സ്ഥാന നിർണ്ണയം നടത്തുക, സഞ്ചാരപാത, വേഗത എന്നിവ കൺട്രോൾ റൂമുകളിൽ ഇരുന്നുകൊണ്ടുതന്നെ മനസ്സിലാക്കുക, ക്രമസമാധാന പ്രശ്നങ്ങൾ, അപകടങ്ങൾ എന്നിവ ഉണ്ടാകുന്ന സ്ഥലങ്ങളിൽ നിന്നും സന്ദേശങ്ങൾ സ്വീകരിച്ച് വളരെ പെട്ടെന്ന് തന്നെ അത്തരം സ്ഥലങ്ങളിൽ എത്തിച്ചേർന്ന് സഹായങ്ങൾ നൽകുക, അതുവഴി മെച്ചപ്പെട്ട പോലീസ് സംവിധാനം ഏർപ്പെടുത്തുക |

(മറുപുറം)

എന്നിവയാണ് ജി.പി.എസ്.സംവിധാനത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ. കൂടാതെ പോലീസ് ഡിപ്പാർട്ട്മെന്റിന്റെ പക്കൽ ഇപ്പോൾ നിലവിലുള്ളതും ദൈനംദിന പ്രവർത്തനത്തിന്റെ ഭാഗമായി ശേഖരിക്കപ്പെടുന്നതുമായ വിവരങ്ങൾക്ക് (ഡാറ്റ) ഒരു ഭൂമിശാസ്ത്രപരമായ മാനം നൽകുവാനും (Geo Spatial Referencing) പ്രസ്തുത വിവരങ്ങൾ ഭൂപടങ്ങളിൽ അടയാളപ്പെടുത്തി കുറ്റകൃത്യങ്ങളെയും അപകടങ്ങളെയും ഇത്തരത്തിലുള്ള മറ്റു സംഭവങ്ങളെയും അപഗ്രഥിക്കുന്നതിനും പഠിക്കുന്നതിനും അതിലൂടെ ഭാവിയിൽ ഇത്തരം സംഭവങ്ങൾ ഓരോ സ്ഥലത്ത് ഉണ്ടാകുവാനുള്ള സാദ്ധ്യതയെക്കുറിച്ച് മനസ്സിലാക്കുവാനും അതിലൂടെ പോലീസിന്റെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുക എന്നതുമാണ് ജി.ഐ.എസ്. എനേബിൾഡ് ലോ എൻഫോഴ്സ്മെന്റ് എന്ന പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ. ഇതുവരെ ഈ പദ്ധതിയ്ക്ക് കേന്ദ്ര സഹായങ്ങളൊന്നും ലഭിച്ചിട്ടില്ല.

സെക്ഷൻ ഓഫീസർ